**<u>പ്രൊഫസർ ലോകേഷ് ചന്ദ്രയെ ഇന്ത്യന് കൌൺസില് ഫോര് കൾച്ചറല് റിലേഷൻസിന്റെ പതിനേഴാമത് പ്രസിഡണ്ട് ആയി നിയമിച്ചു</u>**

ഒക്ടോബർ 30, 2014

ഇന്ത്യൻ കൌൺസില് ഫോര് കൾച്ചറല് റിലേഷൻസ് പതിനേഴാമത് പ്രസിഡണ്ട് ആയി പ്രൊഫസർ ലോകേഷ് ചന്ദ്രയെ ഇന്ത്യയുടെ ആദരണീയനായ രാഷ്ട്രപതി നിയമിച്ചു. ഒക്ടോബർ 27 , 2014 മുതല് മൂന്നു വർഷത്തേക്കാണ് നിയമനം . 2014 ഓഗസ്റ്റ് 18നു രാജി വച്ച ഡോ. കരൺ സിംഗിനു പകരമാണ് പ്രൊഫസര് ചന്ദ്രയുടെ നിയമനം .

പ്രൊഫസർ ചന്ദ്ര , ഏഷ്യൻ സംസ്ക്കാര ഗവേഷണത്തിനുള്ള പ്രഥമ സ്ഥാപനമായ ഇന്റർനാഷണല് അക്കാദമി ഓഫ് ഇന്ത്യൻ കൾച്ചര് ഓണററി ഡയറക്ടര് സ്ഥാനവും അലങ്കരിക്കുന്നുണ്ട്. നേരത്തെ ഇന്ത്യൻ കൌൺസില് ഫോര് ഹിസ്റ്റോറിക് റിസർച്ച് അധ്യക്ഷ സ്ഥാനം, ഐസിസിആർ ഉപ പ്രസിഡണ്ട് സ്ഥാനം , ഇരു വട്ടം രാജ്യസഭാംഗം ( 1974-80 , 1980-86) എന്നിങ്ങനെ അനവധി വിശിഷ്ടമായ പദവികൾ അലങ്കരിച്ചിട്ടുണ്ട് .

പാണ്ഡിത്യപൂർണ്ണമായ ജീവിതത്തിനും പൊതു പ്രഭാഷണങ്ങൾക്കും നൽകിയ സംഭാവനകള് കണക്കിലെടുത്തു 2006 ല് ഇന്ത്യാ ഗവൺമെന്റ് അദ്ദേഹത്തിന് ഏറ്റവും വിശിഷ്ടമായ സിവിലിയൻ പുരസ്കാരമായ പദ്മ ഭൂഷൺ നല്കി ആദരിച്ചിരുന്നു.

ഇന്ത്യയും ലോകത്തിലെ മറ്റ് രാജ്യങ്ങളും തമ്മിലുള്ള സാംസ്ക്കാരിക അന്തേർപ്രവാഹ പഠനം ആയിരുന്നു പ്രൊഫ. ചന്ദ്രയുടെ ജീവിതത്തിലെ പ്രധാന ജോലി. പടിഞ്ഞാറന് ഇന്തോ-യൂറോപ്യൻ ഭാഷകളുമായി ഇന്ത്യയുടെ ഭാഷാ പങ്ക് വയ്ക്കൽ മുതല് ,, സൈബീരിയയിലെ ഭൂരിയാട്ടിയ, മംഗോളിയ, സെൻട്രല് ഏഷ്യ, ടിബറ്റ്, ചൈന, കൊറിയ , ജപ്പാൻ, കംബോഡിയ , ഇന്തോനേഷ്യ തുടങ്ങിയ ഇടങ്ങളിലെ സാഹിത്യത്തെ, ചരിത്രത്തെ , കലയെ കുറിച്ച് അദ്ദേഹം എഴുതി. മതേതര , ശ്രേഷ്ഠമായ ആഴമുള്ള മൂല്യാധിഷ്ഠിത ജീവിത മാതൃകകളെ പരിപോഷിപ്പിക്കുവാൻ ലോകത്തിലെ സമൃദ്ധമായ സംസ്ക്കാരങ്ങളുടെ പങ്ക് വയ്ക്കലിൽ കൂടി സാധിക്കുമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു .

596 ഗ്രന്ഥങ്ങളും ടെക്സ്റ്റ് എഡിഷനുകളും അദ്ദേഹത്തിന്റെ പേരിൽ ഉണ്ട്. അതിൽ ടിബറ്റൻ- സംസ്കൃത നിഘണ്ടു , ടിബറ്റൻ ഭാഷയുടെ ചരിത്രത്തിന് ആവശ്യമായ സാമഗ്രികള്, ടിബറ്റിലെ ബുദ്ധമതത്തിലെ പ്രതിമകൾ, വിഗ്രഹങ്ങള് മുതലായവസംബന്ധിച്ച പഠനം പോലെയുള്ള ക്ലാസ്സിക്കുകൾക്കൊപ്പം 20 ഖണ്ഡങ്ങൾ ബുദ്ധമതവിശ്വാസ കലാ നിഘണ്ടു എന്നിവ അതില് ഉൾപ്പെടുന്നു . പ്രൊഫ. ലോകേഷ് ചന്ദ്ര യൂറോപ്പ് , ഏഷ്യ, റഷ്യ എന്നിവിടങ്ങളിൽ ധാരാളം യാത്രകൾ നടത്തിയിട്ടുണ്ട്.
ഹരിയാനയിലെ അംബാലയിൽ 1927 ല് ശ്രേഷ്ഠരായ പണ്ഡിതർ നിറഞ്ഞ കുടുംബത്തില് ആണ് അദ്ദേഹം ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് പ്രൊഫസര് രഘു വീര , ചിന്തകനും ലോക പ്രശസ്തനായ ചിന്തകൻ ആണ്. ഏഷ്യൻ സംസ്ക്കാരത്തെ മനസിലാക്കുന്നതിനും ഇന്ത്യയുടെ ഭാഷാ വികസനത്തിനുമായി അദ്ദേഹം വിശിഷ്ടമായ സംഭാവനകള് നല്കിയിരുന്നു.
ലാഹോറിലെ പഞ്ചാബ് സർവകലാശാലയില് നിന്നും 1947

ൽ പ്രൊഫസര് ചന്ദ്ര മാസ്റ്റര് ബിരുദം നേടി (എം.എ ) 1950 ൽ നെതർ ലാൻഡ്സിലെ യുട്രെക്ട് സർവകലാശാല അദ്ദേഹത്തിന് പുതുതായി കണ്ടെടുത്ത കൈയെഴുത്ത് അടിസ്ഥാനമാക്കി ജൈമിനിയ ബ്രാഹ്മണ വേദത്തിലെ ഗവമായണ ഭാഗത്തിന്റെ സംഗ്രഹണത്തിന് നല്കിയ സംഭാവനകളെ മാനിച്ച് , സാഹിത്യത്തിലും ഫിലോസഫിയിലും ഉള്ള ഡോകടറേറ്റ് ബിരുദം സമ്മാനിച്ചു .

ഹിന്ദി, സംസ്കൃതം, പാലി, അവെസ്ത,, പുരാതന പേർഷ്യന് , ജാപ്പനീസ് , ചൈനീസ്, ടിബറ്റൻ , മംഗോളിയൻ , ജർമ്മന് , ഫ്രഞ്ച്, റഷ്യൻ ഉൾപ്പെടെ നിരവധി ഭാഷകള് പ്രൊഫസർ ചന്ദ്രയ്ക്ക് അറിയാം.

ഇന്ത്യയുടെ ആദരണീയരായ സാംസ്ക്കാരിക അംബാസഡർമാരായിരുന്ന ഐസിസിആര് പ്രസിഡണ്ടുമാരുടെ വംശപരമ്പരയിലേക്ക് വളരെ വിലപിടിച്ച കൂട്ടിച്ചേർക്കല് ആണ് അദ്ദേഹത്തിന്റെ നിയമനം .

ന്യൂ ഡെൽഹി ,
ഒക്ടോബർ 30, 2014